ഇൻഡസ്ട്രിയൽ ഹൈജീൻ.

*321. [11] ശ്രീ. പി. ആർ. മാധവൻപിള്ള : തൊഴിൽ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനമൊട്ടുക്കുമുള്ള തൊഴിലിടങ്ങളിലെ ആരോഗ്യ സംരക്ഷണത്തിനായുള്ള എർപ്പാടുകളെപ്പറ്റി വിശദമായി സർവ്വെ നടത്തണമെന്നും, അതിന്റെ വിശദവിവരങ്ങളും, അതിന്മേൽ സ്വീകരിക്കേണ്ട നടപടികളും കാണിച്ചുകൊണ്ടുള്ള ഒരു വിദഗ്ദ്ധ റിപ്പോർട്ട് ആറുമാസങ്ങൾക്കുള്ളിൽ സമർപ്പിക്കാനുംവേണ്ടി ഒരു വിദഗ്ദ്ധനെ നിയമിക്കണമെന്നും ഗവണ്മെന്റിനു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ; അത്തരമൊരു സർവ്വെ ആവശ്യമാണെന്ന് ഗവണ്മെന്റിനു തോന്നിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

(ബി) തോട്ടങ്ങളിൽ പണിയെടുക്കുന്ന ലക്ഷക്കണക്കായ തൊഴിലാളികളുടേയും ദരിദ്രരുടേയും ആരോഗ്യം നിലനിറുത്താൻ വേണ്ടത്ര എർപ്പാടുകൾ യഥാർത്ഥത്തിൽ അവിടെ തൊഴിലുടമകൾ ചെയ്തിട്ടില്ലെന്ന പരാതി ഉണ്ടായിട്ടില്ലേ ;

(സി) തോട്ടങ്ങളിൽ വൈദ്യസഹായം നൽകുന്നതു മതലക്കർ എറെടുക്കുകയും, സക്കാർസർവ്വീസിലുള്ള ഡോക്ടർമാരേയും നഴ്സുകളേയും തന്നെ നിയമിച്ചു സക്കാർ നിയന്ത്രണത്തിൽ ചികിത്സകൾ നടത്തിക്കുകയും, അതിന്റെ മുഴുവൻ ചെലവും തോട്ടമുടമകൾ വഹിക്കാൻ വേണ്ട നടപടികൾ പൂർത്തിയാക്കുകയും ചെയ്യേണ്ടതാണെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : (എ) ആരോഗ്യസംരക്ഷണത്തിനെപ്പറ്റിയുള്ള സർവ്വെ നടത്തുവാൻ ഒരു വിദഗ്ദ്ധനെ നിയമിക്കണമെന്ന ഗവണ്മെന്റിനു നിവേദനങ്ങൾ ലഭിച്ചിട്ടില്ല.

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(For answer to (C) See below—E. D.)

ശ്രീ. പി. ആർ. മാധവൻപിള്ള : ഏതെങ്കിലും താലൂക്കിലെ തോട്ടം തൊഴിലാളികളുടെ യൂണിയനിൽ തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനായി ഒരു സർവെ നടത്താൻ ഒരു വിദഗ്ദ്ധനെ നിയമിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഏതു താലൂക്കിനെപ്പറ്റിയാണ് നിവേദനം ലഭിച്ചിട്ടുള്ളത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചോദ്യത്തിൽ പറയുന്നതു സംസ്ഥാനമൊട്ടുക്കുള്ള തോട്ടങ്ങളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനെ സംബന്ധിച്ചു സർവ്വെ നടത്തുന്നതിനെപ്പറ്റിയാണ്.

ശ്രീ. പ്രാക്കുളം ഭാസി : പ്ലാന്റേഷൻ ലേബർ ആക്ടിന്റെ റൂൾസ് പാസ്സാക്കി കഴിഞ്ഞോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം മാസി : എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് പറയുമോ ?

ശ്രീ. പനവിളി ഗോവിന്ദമേനോൻ : അതിലേയ്ക്ക് ഗവണ്മെന്റ് ഒരു കാൺഫറൻസു വിളിച്ചുകൂട്ടിയതിൽ ഒന്നുരണ്ടു കാര്യങ്ങളെപ്പറ്റി തീരുമാനത്തിലെത്താൻ സാധിക്കാതിരുന്നതുകൊണ്ടു് വീണ്ടും അതുപറ്റി ആലോചന വേണമെന്നു് തീരുമാനിച്ചിരിക്കുകയാണു്. അതുടനെതന്നെ പറഞ്ഞുവരും.

ശ്രീ. എ. താണുപിള്ള: ചോദ്യങ്ങളുടെ ഉത്തരം മുഴുവൻ പറയുന്നതിനുമുമ്പു് സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കുന്നതു ശരിയല്ല. സി-യുടെ ഉത്തരം പറഞ്ഞില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : (സി) പ്ലാന്റേഷൻ ലേബർ ആക്ടിന്റെ അനുസരിച്ചുള്ള ചട്ടങ്ങൾ നടപ്പിൽ വരുമ്പോൾ ആരോഗ്യസംരക്ഷണ നടപടികൾ ഉണ്ടായിരിക്കും.

ശ്രീ. പ്രാക്കുളം മാസി : ഈ രീതിയിൽ ഇത്ര കാലതാമസം ഉണ്ടാകുന്നതിനു കാരണമെന്താണു് ? കഴിഞ്ഞ നിയമസഭയിൽ പറയുകയുണ്ടായി അതുടനെ നടപ്പിലാക്കുമെന്നു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് അടുത്തുതന്നെ പറഞ്ഞുവരും.

ശ്രീ. കെ. കരുണാകരൻ : തോട്ടങ്ങളിലെ തൊഴിലാളികളുടെ സ്ഥിതി പലസ്ഥലങ്ങളിലും വളരെ തൃപ്തികരമല്ലെന്നുള്ള കാര്യം ഗവണ്മെന്റിനു ബോദ്ധ്യമുണ്ടോ ? അതുകൂടി കാര്യമായി അന്വേഷിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്ലാന്റേഷൻ തൊഴിലാളികൾക്കു വേണ്ടിടത്തോളം തൃപ്തികരമായ ഒരു വ്യവസ്ഥ ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയുള്ള ഒരു ക്രമമാണു് നടപ്പിലാക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുണ്ടായിരുന്ന ഒരു ഇൻഡസ്ട്രിയൽ ഹൈജീൻ ആഫീസർ ഇതു സംബന്ധിച്ചു് ഒരു സർവ്വെ നടത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായിരിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : ഇവിടെ ഒരു ഇൻഡസ്ട്രിയൽ ഹൈജീൻ ആഫീസർ ഉണ്ടായിരുന്നതിനെ നിവർത്താൻ കാരണമെന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വിശദമായ കാരണങ്ങൾ അറിയുന്നതിനു വേറെ ചോദ്യം ചോദിക്കണം.

ശ്രീ. ടി. കെ. ദിവാകരൻ : ഒരു ഇൻഡസ്ട്രിയൽ ഹൈജീൻ ആഫീസറെ ഈ സംസ്ഥാനത്തു് നിയമിക്കുന്ന കാര്യം ഗവണ്മെന്റ് ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly